**യോഗ ആദ്ധ്യാത്മിക: പുംസാം മതോ നി:ശ്രേയസായ മേ**
**അത്യന്തോപരതിര്യത്ര ദു:ഖസ്യ ച സുഖസ്യ ച (3–25–13)**
**ഏതാവനേവ ലോകേ*f*സ്മിൻ പുംസാം നി:ശ്രേയസോദയ:**
**തീവ്രേണ ഭക്തിയോഗേന മനോ മയ്യർപ്പിതം സ്ഥിരം (3–25–44)**

മൈത്രേയൻ തുടർന്നു:
കർദ്ദമമുനി ഗൃഹസ്ഥാശ്രമം വിട്ട് സന്യാസിയായി പോയതിനുശേഷം കപിലൻ ബിന്ദുസരോവരത്തിൽ അമ്മയെ പരിചരിച്ച് കഴിഞ്ഞുപോന്നു. ഒരു ദിവസം ദേവഹൂതി കപിലനോട് പറഞ്ഞു. "അല്ലയോ ഉത്തമാ, ഇന്ദ്രിയതൃപ്തിക്കായുള്ള ജീവിതത്തിന്റെ വ്യർത്ഥതയെപ്പറ്റി എനിക്കു പൂർണ്ണമായി മനസ്സിലായിരിക്കുന്നു. നിന്റെ കണ്ണുകളിൽ അജ്ഞാനാവരണം നീക്കാൻ കഴിയുന്ന പ്രഭയുടെ തെളിമ ഞാൻ കാണുന്നു. ഇരുട്ടകറ്റുന്ന സൂര്യപ്രകാശം പോലെ അജ്ഞാനമകറ്റുന്ന തേജസ്സാർന്ന ഭഗവാൻതന്നെയാണ് നീ. നിന്റെ കൃപകൊണ്ടു മാത്രമേ 'ഞാൻ', 'എന്റേത്' എന്നെല്ലാമുള്ള തോന്നലുകളിൽനിന്നു മോചനം ലഭിക്കുകയുള്ളൂ. ഈ തോന്നലുകൾ തന്നേയും നിന്റെ മായാശക്തി യുടെ പ്രകടനം തന്നെ. സത്യവിജ്ഞാനസാരം നൽകി എന്നെ അനുഗ്രഹിച്ചാലും."

"അനുഗൃഹീതയായ അമ്മേ, എന്റെ അഭിപ്രായത്തിൽ സുഖദു:ഖങ്ങളുടെ കെട്ടുപാടുകളിൽനിന്നു മോചനം കിട്ടാനുതകുന്ന യോഗമാർഗ്ഗത്തിലൂടെയാണ് ആ ശാന്തിപൂർണ്ണമായ പരമപദം പ്രാപിക്കുന്നത്. ഈ യോഗമാർഗ്ഗത്തെ ഞാൻ വിശദീകരിച്ചുതരാം. മനസ്സാണ് ബന്ധനങ്ങൾക്കും മോചനത്തിനും മൂലകാരണം. മനസ്സ് സുഖം തേടി പുറത്തുള്ള വസ്തുക്കളിൽ ആസക്തിപൂണ്ടലയുമ്പോൾ ബന്ധനവും ഭഗവൽ സ്മരണയിലും ഭക്തിയിലും മുഴുകിയിരിക്കുമ്പോൾ മോചനവും ലഭിക്കുന്നു. സുഖം തേടുന്ന മനസ്സാണ് കാമ, ക്രോധ, ലോഭ, മദ, മാത്സര്യങ്ങൾ ഉണ്ടാക്കുന്നത്. സുഖമോഹത്തിൽ നിന്നും നിസ്സംഗമാവുമ്പോൾ മനസ്സിൽ ശുദ്ധിയും ശാന്തിയും ഉണ്ടാവും. അങ്ങിനെ മനസ്സു തയ്യാറാകുമ്പോൾ അജ്ഞാനത്തിന്റെ ആവരണവും നാനാത്വബോധവും മാറി ആത്മബോധം കൈവരുന്നു. എല്ലാറ്റിലും എല്ലായിടത്തും അദ്വൈതമായ ആ ആത്മാവുതന്നെ കാണുമാറാകുന്നു. പ്രകൃതിജന്യമായ വാസനകൾ പോലും ദുർബ്ബലമായിത്തീരുകയും ചെയ്യും. ആത്മസാക്ഷാത്ക്കാരം സിദ്ധിച്ച ഒരുവന് ഭക്തിതന്നെ ഏറ്റവും നല്ല മാർഗ്ഗം. ഭൗതികസുഖങ്ങളോടും വസ്തുക്കളോടുമുള്ള പ്രേമം ബന്ധനത്തിലേക്ക് നയിക്കുമ്പോൾ ദിവ്യപുരുഷന്മാരുമായുള്ള സത്സംഗം, ജീവനെ മോചനത്തിന്റെ പാതയിലേക്ക് നയിക്കുന്നു. ഈ ദിവ്യപുരുഷന്മാർ കരുണയുടേയും, ക്ഷമയുടേയും, ദയാവായ്പ്പിന്റേയും വിളനിലങ്ങളും എല്ലാവരോടും സൗഹൃദഭാവമുള്ളവരുമത്രെ. നന്മയാണവരുടെ ആഭരണം. അവർക്ക് ശത്രുക്കളില്ല. അവരുടെ ഭക്തി എന്നിൽത്തന്നെ അടിയുറച്ചിരിക്കുന്നു. എല്ലാവിധ സ്വാർത്ഥമോഹങ്ങളേയും ബന്ധുമിത്രാദികളേയും ഉപേക്ഷിച്ച് എനിക്കു വേണ്ടിയാണവർ കഴിയുന്നത്. അവരുടെ ഏകാശ്രയവും അഭയസ്ഥാനവും ഞാൻ തന്നെ. എന്റെ കഥകൾ കേട്ടും പറഞ്ഞും അവർ കാലം കഴിക്കുന്നു. ഒന്നിനോടും ആസക്തി കൂടാതെ കഴിയുന്ന ഈ ദിവ്യന്മാരുമായുള്ള അടുപ്പം ഭൗതികാ സക്തിയിൽനിന്നും മോചനംകിട്ടാനുതകുന്ന മരുന്നത്രെ. അവരുടെ സത്സംഗത്തിൽ നിന്നും പടിപടിയായി ഭഗവാനിൽ പരിപൂർണ്ണവുമായ പ്രേമവും ഭക്തിയും അങ്ങിനെ സുഖഭോഗാസക്തിയിൽനിന്നു മോചനവും ലഭ്യമാകുന്നു. യോഗാഭ്യാസംകൊണ്ട് ഇപ്പോൾ, ഇവിടെ ഈ ജന്മത്തിൽത്തന്നെയാണ് ആത്മസാക്ഷാത്ക്കാരം ഉണ്ടാകേണ്ടത്. നിസ്വാർത്ഥവും ആഗ്രഹരഹിതവുമായ ഭഗവൽഭക്തിയാണ് അത്യുത്തമം. നിർവ്വാണത്തേക്കാൾ കൂടിയ ഒരവസ്ഥയത്രേ അത്. ഉത്തമഭക്തൻ എന്നിലല്ലാതെ മറ്റൊന്നിലും തൽപ്പരനല്ല. അത്തരത്തിലുള്ള ഭക്തി ആത്മാവിന്റെ ആവരണങ്ങളെയെല്ലാം അലിയിച്ചു കളയുന്നു. സ്വയം ആഗ്രഹിക്കുകപോലും ചെയ്യാതെതന്നെ എന്റെ സവിധത്തിലേക്കവരെത്തുന്നു. എന്നെ ഏകാവലംബമായി കരുതി അഭയം തേടുന്നവർക്ക് എന്നിലെന്നും സ്ഥാനമുണ്ടായിരിക്കും. കാലത്തിന് അവരെ ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. അവർക്ക് ജനനമരണങ്ങളുടെ ഭയത്തിൽ നിന്നും ഞാൻ മുക്തിയേകും. പരിപൂർണ്ണഭക്തിയോടെ എന്നിലർപ്പിച്ച മനസ്സത്രെ ഇഹലോകത്തിൽ മനുഷ്യന്റെ ഏറ്റവും വലിയ സ്വത്ത്."